പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5611

27.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>" കെ.ജെ. മാക്സി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജീവനക്കാരുടെ എണ്ണവും വാഹനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം നിലവിൽ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെയുള്ള കേരളത്തിൽ, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം നിർത്തലാക്കിയത് അധിക ചെലവിനിടയാക്കുന്ന സാഹചര്യം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. വാങ്ങിയ ഷാസികളിൽ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കിയതിനെ തുടർന്ന് ബോഡി നിർമ്മാണത്തിനായി നിയോഗിച്ചിരുന്ന 400 താൽകാലിക ജീവനക്കാരെ മാറ്റി നിർത്തിയിട്ടുണ്ട്. ആയതിനാൽ അധിക ചെലവിനിടയാക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. ബസുകളുടെ ബോഡി നിർമ്മാണം നടത്തുന്നതെവിടെയെന്നും ഓരോ ക്ലാസ് ബസിനും ചെലവാകുന്ന തുകയെത്രയെന്നും അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരത്തുള്ള സെൻട്രൽ വർക്ക്ഷോപ്പിലും മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നീ റീജിയണൽ വർക്ക് ഷോപ്പുകളിലുമാണ് ബോഡി നിർമ്മാണം നടന്നു വന്നിരുന്നത്. വാങ്ങിയ ഷാസികളിൽ ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കിയതിനെ തുടർന്ന് നിലവിൽ ബോഡി നിർമ്മാണം നടക്കുന്നില്ല. 1500 ഷാസികളിൽ ബോഡി നിർമ്മാണം |

| | | | |
|---|---|---|---|
| | | | നടത്തിയതിന് ചെലവായ ശരാശരി തുക ചുവടെ ചേർക്കുന്നു.<br><br>ഓർഡിനറി ബസ് — 6.66 ലക്ഷം<br>ഫാസ്റ്റ് പാസഞ്ചർ — 6.66 ലക്ഷം<br>സൂപ്പർ ഫാസ്റ്റ് — 7.17 ലക്ഷം<br>സൂപ്പർ എക്സ്പ്രസ്സ് — 9.57 ലക്ഷം<br>സൂപ്പർ ഡീലക്സ് — 9.66 ലക്ഷം |
| (സി) | പുതുക്കിയ ബസ് ബോഡി കോഡിന് അനുസൃതമായി കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പുകളെ നവീകരിച്ച് ബോഡി നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കുന്നതാണ്. പുതിയ ബസ് ബോഡി കോഡ് (AIS 052) പ്രകാരം ബസ് ബോഡി നിർമ്മിക്കുന്നതിന് പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിന് അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിനും കൂടി അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | കെ.യു.ആർ.ടി.സി യുടെ കീഴിലുള്ള ലോ ഫ്ലോർ ബസുകളുടെ കേടുപാടുകൾ തീർക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് അറിയിക്കാമോ; വാഹനങ്ങളുടെ കേടുപാടുകൾ യഥാസമയം തീർക്കുന്നുണ്ടോയെന്നറിയിക്കുമോ? | (ഡി) | കെ.യു.ആർ.ടി.സിയുടെ കീഴിലുള്ള എ.സി വോൾവോ ലോ ഫ്ലോർ ബസുകളുടെ പരിപാലനം, വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s. Vista Driveline Motors-ൽ നിന്നും നിയോഗിക്കപ്പെട്ട വിദഗ്ധരായ സൂപ്പർ വൈസർമാരുടെ മേൽനോട്ടത്തിൽ കെ.എസ്.ആർ.ടി.സിയുടെ മെക്കാനിക്കുകളാണ് നിർവഹിച്ചുവരുന്നത്. കൂടുതൽ സങ്കീർണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ആലപ്പുഴയിലുള്ള വർക്ക്ഷോപ്പിലാണ് നിർവഹിക്കുന്നത്. നോൺ എ.സി. സെമി ലോ-ഫ്ലോർ ബസുകളുടെ കേടുപാടുകൾ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പിൽ തന്നെ നിർവഹിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് മൂലം വിതരണക്കാർക്ക് യഥാസമയം പണം കൊടുക്കാത്തതിനാൽ സ്പെയർ പാർട്ട്സിന്റെ ദൗർലഭ്യം നേരിടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**